ഉത്തരം

(എ) പാർട്ട് 2 കെ. എസ്. ആന്റ് എസ്.എസ്. ആർ.-ലെ റൂൾ 13 (എ.എ) പ്രകാരം 31-12-85 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് (യൂണിഫൈഡ്, സ്പെഷ്യൽ, ഡിപ്പാർട്ടുമെന്റൽ) പാസാകുന്നതിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ഭൂരഹിതരായ ആദിവാസികളുടെ പുനഃരധിവാസത്തിന് കേന്ദ്ര ധനസഹായം

184 [1711] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :

ശ്രീ. ടി. പി. രാമകൃഷ്ണൻ :

,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും സാസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരായ ആദിവാസികളുടെ പുനഃരധിവാസത്തിന് കേന്ദ്ര ധനസഹായം ലഭിക്കുന്നതിനുവേണ്ടി പ്രത്യേകപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും പദ്ധതിക്ക് അന്തിമ രൂപം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

(ബി) എങ്കിൽ പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചത് എന്നാണ് എന്ന് അറിയിക്കാമോ ;

(സി) പദ്ധതി നൂറുശതമാനം കേന്ദ്രസഹായത്തോടുകൂടി നടപ്പിലാക്കാനാണോ ഉദ്ദേശിക്കുന്നത്; അല്ലെങ്കിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ തുക അടുത്ത വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ആദിവാസികളുടെ പുനഃരധിവാസ പദ്ധതിക്കുവേണ്ടി അധിക കേന്ദ്രസഹായമായി 108.94 കോടി രൂപ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) 2004 ഡിസംബറിൽ.

(സി) നിലവിലുള്ള ആദിവാസി പുനഃരധിവാസ പദ്ധതി സംസ്ഥാനത്തിന്റെ പദ്ധതിയായിട്ടാണ് നടപ്പിലാക്കി വരുന്നത്. സംസ്ഥാന വിഹിതത്തിന്റെ അധിക സഹായമായിട്ടാണ് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുള്ളത്.

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ ആദിവാസി പുനരധിവാസ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

വടശ്ശേരിക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ക്രമക്കേടുകൾ

185 [1712] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടശ്ശേരിക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിൽ വ്യാപകമായ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്കൂളിലെ വിദ്യാർത്ഥികൾക്ക് ശരിയായ ഭക്ഷണം പോലും നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ജീവനക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്നും അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്നും വിശദീകരിക്കുമോ ;

(ഡി) ഇവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ചില അപാകതകൾ ശ്രദ്ധയിൽവന്നിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) & (ഡി) വടശ്ശേരിക്കര എം. ആർ. എസ്സിന്റെ നടത്തിപ്പിൽ ചില അപാകതകൾ ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സീനിയർ സൂപ്രണ്ട് ശ്രീ. വി. പി. രാഘവൻ, ക്ലാർക്ക് ശ്രീ. ആർ. ഒ. ജയചന്ദ്രൻ എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്യുകയുണ്ടായി. തുടർന്ന് നടത്തിയ വിശദമായ അന്വേഷണത്തിൽ ചില സാമ്പത്തിക ക്രമക്കേടുകൾ ഈ സ്ഥാപനത്തിൽ നിലനിൽക്കുന്നുവെന്നും ആഡിറ്റ് നടത്തേണ്ട ആവശ്യമുണ്ടെന്നും, 14-6-2004, വരെ മെനുപ്രകാരമുള്ള ഭക്ഷണവിതരണം ചെയ്തിട്ടില്ലെന്നും അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇവർക്കെതിരെ സാമ്പത്തിക ക്രമക്കേടുകൾ ആരോപിച്ചിട്ടുള്ള സാഹചര്യത്തിൽ അന്വേഷണറിപ്പോർട്ടിലെ ശുപാർശ പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിലെ ആഡിറ്റ് വിഭാഗം ഈ സ്ഥാപനത്തിൽ ആഡിറ്റ് നടത്തി. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ജീവനക്കാർക്കെതിരായ അച്ചടക്ക നടപടികളിൽമേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly